മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ, ബി) ചന്ദ്രനു കമ്മീഷൻ ശുപാർശകൾ പോലീസുകാരെ സംബന്ധിച്ചിടത്തോളം മുഴുവനായി അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു പോലീസുകാരന് ശമ്പളവും അലവൻസുമായി 48 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വികലാംഗരുടെ പ്രശ്നങ്ങൾ

*121 [130] ശ്രീ. കെ. അനിരുദ്ധൻ:

,, കല്ലട നാരായണൻ:

,, എൻ. സുബ്രഹ്മണ്യഷേണായ്:

,, പി. പി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിൻമേലുള്ള റിപ്പോർട്ടു സമർപ്പിച്ചുവോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) അവയിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ:)

(എ) നിയോഗിച്ചിരുന്നു.

(ബി) സമർപ്പിച്ചു.

(സി, ഡി) പ്രസ്തുത റിപ്പോർട്ട് ഗവൺമെൻറ് ഔപചാരികമായി അംഗീകരിക്കേണ്ടതുണ്ട്. അതിനുമുമ്പ് അതിലെ ഉള്ളടക്കം മുഴുവനും വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കുകയില്ല. എങ്കിലും പ്രധാന ശുപാർശകളിലൊന്നായ വികലാംഗ കോർപ്പറേഷൻ നിലവിൽവന്നുകഴിഞ്ഞു. കോർപ്പറേഷൻ നിലവിൽവന്നതുകൊണ്ട് കമ്മീഷൻറെ മറ്റു പല ശുപാർശകളും കോർപ്പറേഷൻ വഴി നടപ്പാക്കേണ്ടതാണ്. ഉദാ: വികലാംഗർക്കു വേണ്ടി തൊഴിൽദാനപദ്ധതി, വായ്പാ പദ്ധതി, വീടു നിർമ്മാണ സഹായ പദ്ധതി, കൃഷിയും മറ്റു കൈത്തൊഴിൽപദ്ധതി—ഇവ നടപ്പിൽ വരുത്തുന്നതിലേക്കുവേണ്ട നടപടി, കോർപ്പറേഷൻ ധൃതഗതിയിൽ എടുത്തുവരുന്നതായി അറിയുന്നു.

കോളേജുകളിലെ ഷിഫ്റ്റ് സമ്പ്രദായം

*122 [131] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രീഡിഗ്രിക്ക് ഷിഫ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻറെ കാരണമെന്ത്;

(സി) ഏതെല്ലാം കോളേജുകളിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly